# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 118 — 03.12.2018-ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.ജെ. മാക്സി<br>,, ബി.സത്യൻ<br>,, സജി ചെറിയാൻ<br>,, വി. അബ്ദുറഹിമാൻ | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയിൽ മത്സ്യത്തൊഴിലാളികൾ ജീവൻ പണയംവെച്ച് നടത്തിയ രക്ഷാപ്രവർത്തനങ്ങളാണ് ദുരന്തത്തിന്റെ വ്യാപ്തി കുറച്ചതെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രളയ രക്ഷാപ്രവർത്തനത്തിനിടെ കേടുപാടുകൾ സംഭവിച്ച മത്സ്യബന്ധന വള്ളങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനും അവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ; | (ബി) | രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി രക്ഷാ പ്രവർത്തനത്തിന് ആവശ്യമായ ഇന്ധനം ഉൾപ്പെടുയുള്ള ചെലവ് മത്സ്യഫെഡ് വഴി ഗവണ്മെന്റ് വഹിക്കുകയുണ്ടായി. രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട മത്സ്യബന്ധന ഉപകരണങ്ങൾ കേടായ മത്സ്യത്തൊഴിലാളികൾക്ക് ഉപകരണങ്ങൾ സൗജന്യമായി മത്സ്യഫെഡ്/ഫിഷറീസ് ഡിപ്പാർട്ട്മെന്റ് വഴി റിപ്പയർ ചെയ്ത് കൊടുക്കുകയുണ്ടായി. സംസ്ഥാനത്ത് ആകെ 530 എഞ്ചിനുകളും 587 യാനങ്ങളുടെയും റിപ്പയർ ചെയ്ത് നൽകുകയുണ്ടായി. |
| (സി) | മത്സ്യത്തൊഴിലാളികൾക്ക് പൂർണ്ണ അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്താമോ; | (സി) | 1980 ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘം ആക്ട് പ്രകാരം പ്രസിദ്ധീകരിക്കുന്ന മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും സർക്കാർ സഹായത്തോടെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | | ഫിഷറീസ് വകുപ്പ്, എൽ.ഐ.സി യുമായി സഹകരിച്ച് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കായി ആം ആദ്മി ബീമായോജന എന്ന പദ്ധതി PMJJBY/PMSBY എന്നീ കേന്ദ്ര പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നുണ്ട്. |
| (ഡി) | മത്സ്യത്തൊഴിലാളികളുടെ അപകട ഇൻഷ്വറൻസ് സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് പ്രത്യേക അദാലത്തുകൾ വിളിച്ചു ചേർക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | 2013-14, 2014-15, 2015-16 വർഷങ്ങളിലെ Pending & Rejected (Suitable for re-submission) ഫയലുകൾ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ റീജിയണൽ എക്സിക്യൂട്ടീവ് ഓഫീസുകളിലും ഹെഡ് ക്വാർട്ടർ ഓഫീസിലും സംയുക്തമായി പരിശോധിച്ച് 2013-14, 2014-15 ലെ ക്ലെയിമുകളിലെ ന്യൂനതകൾ പരിഹരിച്ച് ഇൻഷ്വറൻസ് കമ്പനികൾക്ക് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ തീർപ്പാക്കാത്ത ക്ലെയിമുകൾ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും മറുപടി ലഭിച്ചതിനുശേഷം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഇൻഷ്വുറൻസ് കമ്പനികളെയും ഗുണഭോക്താക്കളെയും പങ്കെടുപ്പിച്ച് വിവിധ കേന്ദ്രങ്ങളിൽ അദാലത്ത് നടത്തുന്നതിനു തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ